നം. എ. 2879/17

ജില്ലാ സാമൂഹ്യനീതി ഓഫീസ്,
സിവിൽ സ്റ്റേഷൻ, പാലക്കാട്
തീയതി: 25.07.2017

അപ്പീൽ അധികാരി &
ജില്ലാ സാമൂഹ്യനീതി ഓഫീസർ,
പാലക്കാട്.

ബഹു. സെക്രട്ടറി,
കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

സർ,

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട് - വിവരാവകാശ നിയമം 2005 - ശ്രീമതി. ബീന ജോസഫിന്റെ അപ്പീൽ മറുപടി സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : അങ്ങയുടെ 05/07/2017 തീയതി യിലെ 3698/SIC-Gen 7/2017 നമ്പർ കത്ത്.

------------

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം ശ്രീമതി. ബീന ജോസഫ്, ചിറപ്പുറത്ത്, പിറവം പി.ഒ, പാലച്ചുവട്, എറണാകുളം, ബഹു. കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീൽ (AP.No.956(5)/17/SIC) സംബന്ധിച്ച് ആവശ്യപ്പെട്ട റിപ്പോർട്ട്, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം ബഹു. കമ്മീഷൻ മുമ്പാകെ തുടർ നടപടി കൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
പാലക്കാട്

ഉള്ളടക്കം : റിപ്പോർട്ട്

പകർപ്പ്: ശ്രീമതി. ബീന ജോസഫ്,
ചിറപ്പുറത്ത്, പിറവം (P.O),
പാലച്ചുവട്, എറണാകുളം - 686664.

ബഹു. കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം - മുമ്പാകെ പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഒന്നാം അപ്പീൽ അധികാരി ബോധിപ്പിക്കുന്നത് -

സർ,

വിഷയം : ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട് - വിവരാവകാശനിയമം - 2005 - ശ്രീമതി. ബീന ജോസഫ് സമർപ്പിച്ച അപ്പീൽ - സംബന്ധിച്ച്.

സൂചന : അങ്ങയുടെ 05/07/2017 തീയതിയിലെ 3698/SIC – Gen 7/2017 നമ്പർ കത്ത് (AP No.956(5)/17/SIC)

മേൽ സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. ശ്രീമതി. ബീന ജോസഫ്, ചിരപ്പുറത്ത് വീട്, പിറവം പി.ഒ, പാലച്ചുവട്, എറണാകുളം എന്നയാൾ 03/09/2016 ന് അട്ടപ്പാടി ശിശു വികസന പദ്ധതി ഓഫീസർ മുമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് പി.ഐ.ഒ 27/09/2016 ന് മറുപടി നൽകിയിട്ടുള്ളതാണ്. ആയതിൻമേൽ 05/01/2017 ന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ ശ്രീമതി. ബീന ജോസഫ് അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിൽ അപേക്ഷക നേരിട്ട് ഹാജരായി കൂടുതൽ വിവരങ്ങൾ ബോധിപ്പിക്കുന്നതിനായി അപേക്ഷകയോട് 16/02/2017 ന് ഈ ഓഫീസിൽ ഹാജരാകുവാൻ 20/01/2017 തീയതിയിലെ എ58/17 നമ്പർ കത്ത് മുഖേന അറിയിച്ചിരുന്നെങ്കിലും അന്നേ ദിവസം അപേക്ഷക ഹാജരാവുകയോ, ഹാജരാവാതിരിക്കുന്നതിനുള്ള കാരണം അറിയിക്കുകയോ ചെയ്തിരുന്നില്ല. പി.ഐ.ഒ അന്നേ ദിവസം മേൽ ഹിയറിംഗിനായി ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിൽ ഹാജരായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അപേക്ഷകയ്ക്ക് ഇനി

(മറുപുറം)

വിഷയത്തിൽ കൂടുതൽ നടപടികൾ ആവശ്യമുണ്ടാകില്ല എന്നുള്ള ഉത്തമ വിശ്വാസത്തിലും ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പെറ്റീഷൻ നം. 628(2)/2010/SIC (ഫൈൽ നം. 11714 - SIC – Gen 2/2008) യിൽ 30/06/2010 ന് ഉണ്ടായ ഉത്തരവിന്റെ അവലംബമാക്കിക്കൊണ്ട് - അപ്പീൽ അപേക്ഷക ഹിയറിംഗിന് ഹാജരാകാതിരുന്നതിനാലും ഈ ഫയലിൽ തുടർ നടപടികൾ നിർത്തി വയ്ക്കുകയാണുണ്ടായത്. വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ അപേക്ഷകയ്ക്ക് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതായി കണ്ടിരിന്നു. ഈ സാഹചര്യത്തിലാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന് കമ്മീഷണനു മുമ്പാകെ ബോധിപ്പിക്കുന്നു. കൂടാതെ അട്ടപ്പാടി ശിശു വികസന പദ്ധതി ഓഫീസർ ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷണന്റെ 28/03/2017 തീയതിയിലെ 3698/ SIC – Gen 7/2017-ാം നമ്പർ കത്തിനുള്ള മറുപടിയിൽ (നം.ICDS/ATPDY/492/17, തീയതി 02/05/2017) ശ്രീമതി. ബീന ജോസഫ് ആവശ്യപ്പെട്ട വിവരങ്ങളെല്ലാം തന്നെ വിശദമായി ബോധിപ്പിച്ചിട്ടുള്ളതും, ആയതിന്റെ പകർപ്പ് ശ്രീമതി. ബീന ജോസഫിന് നൽകിയിട്ടുള്ളതുമാണ്. കൂടാതെ 2013 മുതൽ സുതാര്യകേരളം വഴി ഇതേ വിഷയത്തിൽ ബീന ജോസഫിന് അവർ ആവശ്യപ്പെട്ടതു പ്രകാരം ഈ ഓഫീസിൽ നിന്നും അട്ടപ്പാടി ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസിൽ നിന്നും അനവധി മറുപടികൾ നൽകിയിട്ടുള്ളതാണ് എന്നുള്ള വിവരം കൂടി ബോധിപ്പിക്കുന്നു. ഇതേ വിഷയത്തിൽ സാമൂഹ്യനീതി ഡയറക്ടർ അന്വേഷണം നടത്തിട്ടുള്ളതായും കാണുന്നുണ്ട്.

വിവരാവകാശ നിയമത്തിലെ അദ്ധ്യായം II ൽ വകുപ്പ് 4 (1) B യിൽ പറയുന്ന കാര്യങ്ങൾ ഈ ഓഫീസിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സാമുഹ്യനീതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ വകുപ്പിൽ

നിന്ന് കിട്ടുന്ന സേവനങ്ങൾ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ പൊതു ജനങ്ങൾക്ക് നൽകുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വകുപ്പ് (4) ൽ പറയും പ്രകാരം ഇവയുടെയെല്ലാം നാളതീകരണം (അപ്ഡേഷൻ) നടത്തി വരുന്നുമുണ്ട് എന്നുള്ള വിവരവും ബോധിപ്പിച്ചു കൊള്ളുന്നു.

ഈ ഓഫീസിൽ വരുന്ന എല്ലാ വിവരാവകാശ അപ്പീലുകളും സമയബന്ധിതമായിത്തന്നെ തീർപ്പാക്കുകയും നൽകാവുന്ന എല്ലാ വിവരങ്ങളും നൽകാൻ പി.ഐ.ഒ മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. ഈ സാഹചര്യങ്ങൾ പരിഗണിച്ച് ഈ രണ്ടാം അപ്പീൽ അനുഭാവപൂർവ്വം തീർപ്പാക്കുന്നതിനുള്ള സന്മനസ്സ് ബഹുമാനപ്പെട്ട കമ്മീഷന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

District Social Justice Officer
Palakkad

തീയതി 25/07/2017
പാലക്കാട്

ഉള്ളടക്കം :-
1) 2/2/17 തിയതിയിലെ 58/17 കത്ത് (പകർപ്പ്)
2) 11714/SJC/Gen 2/2008 ഉത്തരവ് പകർപ്പ്.
3) അട്ടപ്പാടി ITDP ലെ 2/5/17 തിയതിയിലെ 492/17 നമ്പർ കത്ത് പകർപ്പ്.

Office of The District Social Justice Officer
Palakkad 678 001
Civil Station